(ബി) ഉണ്ട്.

(സി) നെല്ലിയാമ്പതിയിൽ പാട്ടത്തിനുനൽകപ്പെട്ട വനം വകുപ്പുമായി ബന്ധപ്പെട്ട എസ്റ്റേറ്റുകളുടെ പാട്ടക്കരാറുകളും ഇതുമായി ബന്ധപ്പെട്ട സുപ്രീം കോടതി, ഹൈക്കോടതി വിധികളും വനം വകുപ്പിന്റെ കൈവശമുണ്ട്.

(ഡി) ബാധ്യസ്ഥരാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് പാട്ടഭൂമി പാട്ടക്കരാർ വ്യവസ്ഥകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി സർക്കാരിലേക്ക് ഏറ്റെടുത്തുവരുന്നുണ്ട്.

(ഇ) നെല്ലിയാമ്പതിയിൽ സർക്കാർ പാട്ടത്തിന് നൽകിയ എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കേസ്സുകളിൽ സർക്കാർ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളാണ് വനം വകുപ്പ് കൈക്കൊണ്ടുവരുന്നത്.

നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിൽ സംരക്ഷണം

206 (7769) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ ഏതെല്ലാം തോട്ടങ്ങളാണ് സർക്കാർ ഏറ്റെടുത്തത് എന്ന് വിശദമാക്കുമോ ;

(ബി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിൽ നിലവിൽ എത്ര തൊഴിലാളികളാണ് ഉള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നെല്ലിയാമ്പതിയിൽ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് റോസറി, ക്ലിഫ് വ്യൂ, തൂത്തമ്പാറ എന്നീ 3 എസ്റ്റേറ്റുകളും പാട്ടക്കരാർ ലംഘനത്തെത്തുടർന്ന് പാട്ടം റദ്ദുചെയ്ത ബിയാട്രീസ്, മീരാഫ്ളോറസ് (5 എണ്ണം) എന്നീ 6 എസ്റ്റേറ്റുകളും ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്ത ക്ലിഫ് വ്യൂ, ചെറുനെല്ലി അപ്പർ എന്നീ 2 എസ്റ്റേറ്റുകളുംകൂടി ആകെ 11 എസ്റ്റേറ്റുകൾ ഇതിനകം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്.

(ബി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിൽ ഉണ്ടായിരുന്ന സ്ഥിരം തൊഴിലാളികൾക്ക് ടി എസ്റ്റേറ്റുകളിൽത്തന്നെ ജോലി നൽകിവരുന്നുണ്ട്. അവർക്ക് ശമ്പളവും പി.എഫും മെഡിക്കൽ അലവൻസുകളും നൽകിവരുന്നുണ്ട്.

(സി) നിലവിൽ സർക്കാർ ഏറ്റെടുത്ത റോസറി എസ്റ്റേറ്റിൽ ഒരു തൊഴിലാളിയും ബിയാട്രീസ് എസ്റ്റേറ്റിൽ 5 തൊഴിലാളികളും മീരാഫ്ളോറസ് എസ്റ്റേറ്റിൽ 88 തൊഴിലാളികളും തൂത്തമ്പാറ എസ്റ്റേറ്റിൽ 12 തൊഴിലാളികളും ജോലി ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly